# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **21.03.2013 ൽ മറുപടിയ്ക്ക്**

**നിയമസഭാ ചോദ്യം നം. 1117**

ഒറ്റശേഖരമംഗലം ജനാർദ്ദനപുരം ഹയർ സെക്കന്ററി സ്കൂൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.റ്റി. ജോർജ് | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| (എ) ഒറ്റശേഖരമംഗലം ജനാർദ്ദനപുരം ഹയർ സെക്കന്ററി സ്കൂൾ 1957 -ൽ ആരുടെ പേരിലാണ് അനുവദിച്ചത്; | (എ) തിരുവനന്തപുരം ജില്ലയിൽ ഒറ്റശേഖരമംഗലത്ത് ജനാർദ്ദനപുരം ഹയർ സെക്കന്ററി സ്കൂൾ, ജനാർദ്ദനൻ നായർ എന്ന വ്യക്തി യുടെ പേരിൽ വ്യക്തിഗത മാനേജ്മെന്റ് ഹൈസ്കൂളായി 1957 – ൽ അനുവദിച്ചു. |
| (ബി) വിദ്യാഭ്യാസ വകുപ്പിന്റെ രേഖകൾ പ്രകാരം സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലം ആരുടെ പേരിലാണ്; | (ബി) ഒറ്റശേഖരമംഗലം ഹൈസ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലം ജനാർദ്ദനൻ നായരുടെ സ്വന്തം പേരിൽ മാറനല്ലൂർ സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്ത 1956 ലെ 2633 നമ്പർ ദാനാധാര പ്രകാരം ലഭിച്ചതാണ്. ടി ദാനപത്രത്തിൽ ഒറ്റശേഖരമംഗലം പകുതിയിൽ ഒറ്റശേഖരമംഗലം ദേശത്ത് മേക്കേശൂലംകുഴി വീട്ടിൽ രാമൻ പിള്ള മകൻ (കൃഷി) നാല്പത്തി ഒന്നു വയസ്സുള്ള ജനാർദ്ദനൻ നായർ പേർക്ക് എന്നെഴുതിയിട്ടുണ്ട്. തുടർന്ന് 1989 - ലെ 7 - ാം നമ്പരായി ഒറ്റശേഖരമംഗലം സബ് രജി-സ്ട്രാർ ഓഫീസ് മുഖാന്തിരം രജിസ്റ്റർ ചെയ്ത വിൽപത്ര പ്രകാരം സ്കൂൾ സ്ഥിതി ചെയ്യുന്ന വസ്തുവും കെട്ടിട-ങ്ങളും ജനാർദ്ദനൻ നായരുടെ മരണശേഷം അനന്തരാവകാശി എന്ന നിലയിൽ മകനായ |

വേണുഗോപാലൻ നായർക്കു ലഭ്യമായി ഒറ്റശേഖരമംഗലം ജനാർദ്ദനപുരം ഹൈസ്കൂൾ, സ്ഥലം എന്നിവ ഇപ്പോൾ ശ്രീ. വേണുഗോപാലൻ നായരുടെ പേരിലാണ്.

| | | | |
|---|---|---|---|
| (സി) | പഞ്ചായത്തിന് അനുവദിച്ചിട്ടുള്ള സ്കൂൾ ഒരു സ്വകാര്യ വ്യക്തി കൈവശം വച്ചിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) | തിരുവനന്തപുരം ജില്ലയിൽ ഒറ്റശേഖരമംഗലം പഞ്ചായത്തിന് സ്കൂൾ അനുവദിച്ചിട്ടില്ല. |

Chitra

സെക്ഷൻ ഓഫീസർ